(ഇ) രണ്ട് ക്ലബ്ബുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവ മന്നം മെമ്മോറിയൽ നാഷണൽ ക്ലബ്ബ്-തിരുവനന്തപുരവും, ബാനർജി മെമ്മോറിയൽ ക്ലബ്ബ്-തൃശ്ശൂരും ആണ്.

ചില്ലറ മദ്യ വിൽപ്പന ശാലകൾ

32 [4771] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ചില്ലറ മദ്യ വിൽപ്പന ശാലകൾ തുടങ്ങുവാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഇങ്ങനെ വിൽപ്പന ശാലകൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങൾ ഏത് മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത സ്ഥലങ്ങളിൽ ഈ വിൽപ്പന ശാലകൾ ആരംഭിക്കുന്നതിനെതിരെ സർക്കാരിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കെ. എസ്. ബി. സി. വഴിയുള്ള വിദേശ മദ്യ വിൽപ്പന സംസ്ഥാനത്ത് സെക്കൻഡ്സിന്റെ വിപണനം ഏറെക്കുറെ തടയുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ചില്ലറ മദ്യ വിൽപ്പന ശാലകളുടെ ദൗർലഭ്യം സർക്കാരിന് ബോദ്ധ്യപ്പെടുകയും, ചിലയിടങ്ങളിൽനിന്നു പൊതുജനങ്ങളിൽ നിന്നുതന്നെ ചില്ലറ വിൽപ്പന ശാലകൾ തുടങ്ങണമെന്ന ആവശ്യം ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിലാണ് സർക്കാർ പുതുതായി ചില്ലറ വിൽപ്പന ശാലകൾ തുടങ്ങുവാൻ തീരുമാനിച്ചത്.

(ബി) സംസ്ഥാനത്ത് ചിലയിടങ്ങളിൽ അംഗീകൃത ചില്ലറ വിൽപ്പന ശാലകളുടെ കുറവ് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും മറ്റു ചിലയിടങ്ങളിൽനിന്ന് പൊതുജനങ്ങളുടെ ആവശ്യവും കണക്കിലെടുത്താണ് പുതിയ വിൽപ്പന ശാലകൾക്കുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ചില മദ്യ വിൽപ്പന ശാലകൾക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യ വിൽപ്പന ശാലകൾ

33 [4772] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷൻ എത്ര ചില്ലറ മദ്യ വിൽപ്പന ശാലകൾ ആരംഭിക്കുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് ബിവറേജസ് കോർപ്പറേഷൻ ചില്ലറ മദ്യ വിൽപ്പന ശാലകൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച 106 ചില്ലറ മദ്യ വിൽപ്പന ശാലകളിൽ 89 എണ്ണം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) കണ്ണൂർ ജില്ലയിലെ മണത്തണ, പഴയങ്ങാടി, ചെറുപുഴ എന്നിവിടങ്ങളിൽ ആരംഭിച്ചു. ശ്രീകണ്ഠപുരം, ഉളിക്കൽ എന്നിവിടങ്ങളിൽ തുടങ്ങാൻ നടപടി ആയിട്ടുണ്ട്.

റേഷനിംഗ് സംവിധാനം നേരിടുന്ന തകർച്ച

34 [4773] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, മത്തായി ചാക്കോ:
,, വി. കെ. സി. മമ്മർകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷനിംഗ് സംവിധാനം നേരിടുന്ന തകർച്ച സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി പ്രതിമാസം എത്ര ലക്ഷം ടൺ അരിയും ഗോതമ്പുമാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര സർക്കാർ സംസ്ഥാനത്തിനു നൽകി വന്നിരുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അലോട്ട്മെന്റ് വെട്ടിക്കുറച്ചിട്ടുണ്ടോ; കേരളത്തിന് അർഹതപ്പെട്ട അലോട്ട്മെന്റ് എത്രയായിരുന്നു;

(ഇ) ബി. പി. എൽ., എ. എ. വൈ., അന്നപൂർണ്ണ എന്നീ ഇനങ്ങളിൽക്കൂടി സംസ്ഥാനത്തെ എത്ര ശതമാനം പേർക്കാണ് റേഷൻ നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി നൽകി പൊതുവിതരണ സമ്പ്രദായം നിലനിർത്താൻ നടപടി സ്വീകരിക്കുമോ;

(ജി) ഇപ്പോൾ സംസ്ഥാനത്ത് റേഷൻ കടകളിൽക്കൂടി എത്ര ടൺ ധാന്യങ്ങൾ വീതം പ്രതിമാസം വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ സംവിധാനത്തിന് പണ്ടുണ്ടായിരുന്ന ആകർഷണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും തകർച്ച നേരിടുന്നില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly